# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം

നമ്പർ : **1441.** 30..9..2011-ൽ മറുപടിക്ക്

## ക്ഷീരകർഷകർക്ക് തൊഴിലുറപ്പ് കൂലി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി കെ. കെ. ലതിക.** | **ശ്രീ. കെ.സി. ജോസഫ്,**<br>**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)** |
| (എ) ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കൂലി നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം അടിയന്തിര പരിഗണനയ്ക്കായി കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| (ബി) പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) പാലുൽപാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ക്ഷീരവികസന വകുപ്പ് ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി, തീറ്റപുൽ കൃഷി വ്യാപന പദ്ധതി, എം.എസ്.ഡി.പി. എന്നീ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. കൂടാതെ ക്ഷീരകർഷക ക്ഷേമ നിധിയിലൂടെ ക്ഷീരകർഷക പെൻഷൻ, വിവാഹ ധന സഹായം, വിദ്യാഭ്യാസ ധനസഹായം തുടങ്ങിയവയും നൽകി വരുന്നു. ഇതിനു പുറമെ, പാലുല്പാദനം വർദ്ധിപ്പിക്കാൻ കേന്ദ്ര പദ്ധതികളായ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, ഇടുക്കി പാക്കേജ്, കുട്ടനാട് പാക്കേജ്, കന്നുകുട്ടി ദത്തെടുക്കൽ പരിപാടി, മിനി ഡയറി ഫാമിലെ കറവ പശുക്കൾക്ക് സൗജന്യ തീറ്റ വിതരണം, കറവ മൃഗങ്ങളുടെ സൗജന്യ ഇൻഷ്വറൻസ് പദ്ധതി, കറവ മൃഗങ്ങൾക്ക് വിരയിളക്കുന്ന പദ്ധതി, 9 മാസം പ്രായമായ പെൺ കിടാരികളെ ദത്തെടുക്കൽ പദ്ധതി, കറവയന്ത്ര വിതരണം, ക്ഷീരകർഷകർക്ക് അപകട ഇൻഷ്വറൻസ്, മരണാനന്തര ധനസഹായം, ഉപരിപഠന ധനസഹായം, പ്രൊഡക്ഷൻ ഇൻസെന്റീവ്, സമ്മർ ഇൻസെന്റീവ്, കെട്ടിട നിർമ്മാണ ഗ്രാന്റ് എന്നിവയും മിൽമ ക്ഷീരകർഷകർക്ക് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.